MAY 2024 **U/ID 30729/ULD2A**

Time : Three hours Maximum : 75 marks

PART A — (10 × 2 = 20 marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. ഭീഷ്മരെ വധിക്കുന്നതിന് പരശുരാമൻ ഉന്നയിച്ച ന്യായമെന്ത്?

2. കർണ്ണനിലെ പൗരുഷമൂല്യത്തെക്കുറിച്ചുള്ള വീക്ഷണമെന്ത്?

3. ദേവവ്രതൻ ഭീഷ്മർ എന്ന പേരിൽ അറിയപ്പെട്ടതെങ്ങനെ?

4. ദുര്യോധനൻ വെറുമൊരു പേരല്ലെന്നും അതുമായി ബന്ധപ്പെടുന്ന നിരവധി കാര്യങ്ങളുണ്ടെന്നും വായനക്കാർക്ക് വായിച്ചെടുക്കുവാൻ സാധിക്കുന്നുണ്ടോ?

5. ദ്രൗപദിയുടെ സ്വഭാവത്തെക്കുറിച്ച് ചുരുക്കിയെഴുതുക.

6. കർണ്ണന്റെ പ്രവർത്തികൾ മഹാനായ വ്യക്തിയുടേതാണ് - ശരിയോ?

7. വയനാടിനെ താഴേ രാജ്യം എന്നു വിളിക്കാമോ? എന്തുകൊണ്ട്?

8. അപ്പുവിന്റെ സ്വഭാവനിരൂപണം നടത്തുക.

9. കരിക്കുറ്റി സ്കൂളിലെ വിശേഷദിനങ്ങളിൽ ഏതെങ്കിലും ഒരെണ്ണം പ്രതിപാദിക്കുക.

10. രോഹിണിയെന്ന വ്യക്തിയെക്കുറിച്ച് വിശദമാക്കുക.

11. പളനിയിലേക്കുള്ള യാത്ര - കോന്തലയെ ആസ്പദമാക്കി വിവരിക്കുക.

12. മരണത്തിന്റെ സാന്നിദ്ധ്യം എല്ലാറ്റിനേയും ശ്രദ്ധേയമാക്കുമെന്ന അഭിപ്രായത്തിന് കാരണമെന്ത്?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. പാഞ്ചാലിയുടെ വസ്ത്രാക്ഷേപവേളയിൽ നിഷ്ക്രിയരായിപ്പോയ പാണ്ഡവരെക്കുറിച്ച് മാരാർ പറയുന്നതെന്ത്?

14. കുന്തിയുടെ നിലപാടുകളെക്കുറിച്ച് മാരാർ സൂചിപ്പിക്കുന്നവയെന്തെല്ലാം?

15. 'ശിശുപാലൻ ചെയ്ത നൂറപരാധവും ക്ഷമിച്ച ഭഗവാൻ കൃഷ്ണൻ ജനിച്ചത് ഭൂഭാരം തീർക്കുക എന്ന സംഹാരക്രിയക്കല്ല' - കൃഷ്ണനെക്കുറിച്ചുള്ള ഈ പരാമർശത്തിൽ കാണാനാകുന്ന ലോകവീക്ഷണ മെന്ത്?

16. മഹാഭാരതം നന്മ-തിന്മകളുടെ വ്യാഖ്യാനം ചമയ്ക്കുകയാണ് - ശരിയോ? ഭാരതപര്യടനത്തെ ആസ്പദമാക്കി വിലയിരുത്തുക.

17. ആത്മകഥ ചെയ്യുന്നവരോട് അനുഭാവം തോന്നിക്കുന്ന ദൃശ്യത്തെക്കുറിച്ച് എഴുത്തുകാരൻ പറയുന്നു - സന്ദർഭമേത്?

18. വയനാടൻ സംസ്കാരത്തെക്കുറിച്ചുള്ള എഴുത്തുകാരന്റെ വീക്ഷണമെന്ത്?

19. വയനാട് എന്ന ദേശം എഴുത്തുകാരന്റെ ബാല്യകാലത്തെ സമ്പന്നമാക്കിയിട്ടുണ്ട് - പരിശോധിക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. മഹാഭാരതത്തിലെ പ്രധാന കഥാപാത്രങ്ങളുടെ വിശകലനത്തിലൂടെ അവരുടെ വ്യക്തിത്വം വെളിപ്പെടുന്നതെങ്ങനെയെന്ന് ഉദാഹരണസഹിതം വിശദമാക്കുക.

21. അമാനുഷരെന്നു കരുതുന്ന കഥാപാത്രങ്ങളുടെ ശക്തിദൗർബ്ബല്യങ്ങൾ തുറന്നു കാണിക്കുകയാണ് ഭാരതപര്യടനത്തിൽ എന്ന അഭിപ്രായം വിലയിരുത്തുക.

22. കഥാപാത്രപശ്ചാത്തലത്തിലൂടെ ധർമ്മബോധം കൈകാര്യം ചെയ്യാൻ മാരാർ ശ്രമിക്കുന്നതെങ്ങനെ?

23. വയനാട്ടിലെ ജീവിതവും പ്രകൃതിയും കോന്തലയിൽ ആകർഷകമായ രീതിയിൽ കാണാനാവും - ഉപന്യസിക്കുക.

24. കോന്തലയിൽ അവതരിപ്പിക്കുന്ന വ്യക്തികൾ ഏതെല്ലാം തരത്തിലുള്ളവരാണ്? പശ്ചാത്തലം, പ്രാധാന്യം എന്നിവ വിശദമാക്കുക.

———————